(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എവ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ഉദ്ദേശം 190,000 വീടുകൾ നടപ്പു സാമ്പത്തികവർഷം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. അവയുടെ പണികൾ ധൃതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിൽ 150,000 ($1\frac{1}{2}$ ലക്ഷം) വീടുകളും മറ്റുപദ്ധതികളിലെല്ലാം കൂടിയുള്ള 40,000 വീടുകളും ഇതിൽ ഉൾപ്പെടുന്നു.

കാലവർഷ കെടുതിയെ തുടർന്ന് ഏറ്റെടുത്ത പണികൾ

* 251 (272) ശ്രീ. എം. എം. ഹസ്സൻ :
,, പി. പി. തങ്കച്ചൻ :
,, എൻ. ശക്തൻ നാടാർ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-ൽ കാലവർഷ കെടുതിമൂലം ഉണ്ടായ നഷ്ടം നികത്തുന്നതിന് കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക ഏതെല്ലാം മേഖലകളിൽ ചെലവഴിച്ചു ;

(ബി) പ്രസ്തുത മേഖലകളിൽ ചെയ്യുന്ന ജോലികൾ യഥാവസരം തീരാതിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ ജോസഫ്) :

(എ) ഉത്തരം അനുബന്ധമായി വച്ചിരിക്കുന്നു †

(ബി) അനുവദം നൽകിയ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽപ്പെട്ട ചുരുക്കം ചില ജോലികൾ യഥാസമയം ചെയ്തു തീർക്കാൻ സാധിച്ചിട്ടില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയവ എത്രയും വേഗം പൂർത്തീകരിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്തിട്ടില്ല.

പീഡിതവ്യവസായങ്ങളുടെ പുനരുദ്ധാരണം

* 252 [273] ശ്രീ. മണിമംഗലത്തു കുട്ട്യാലി :
,, ജി. കാർത്തികേയൻ :
,, രാഘവൻ പൊഴക്കടവിൽ :
,, കെ. രാഘവൻമാസ്റ്റർ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് എന്തു പദ്ധതിയാണ് നടപ്പാക്കിയിട്ടുള്ളത് ;

(ബി) ഈ പദ്ധതി പ്രകാരം പുനരുദ്ധരിക്കാൻ കഴിഞ്ഞ പീഡിത വ്യവസായങ്ങൾ എവ ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ചെറുകിട പീഡിതവ്യവസായ പുനരുദ്ധാരണത്തിനുവേണ്ടി ഗവൺമെൻറ് ഒരു സമഗ്രപദ്ധതി അംഗീകരിച്ചു 1983-84 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നുണ്ട്. അതുപ്രകാരം താഴെപ്പറയുന്ന സഹായങ്ങൾ സർക്കാരിൽനിന്ന് നൽകിവരുന്നു.

(1) പുനരുദ്ധാരണത്തിന് ആവശ്യമായി വേണ്ടിവരുന്ന തുകയുടെ 40 % വരെ ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക വ്യവസായവകുപ്പിൽ നിന്നും 5 % പലിശനിരക്കിൽ മാർജിൻമണി വായ്പയായി നൽകുന്നു. സ്ത്രീകളുടേയും ഹരിജനസമുദായങ്ങളുടേയും യൂണിറ്റുകൾക്ക് 1 % പലിശയേ ഈടാക്കുന്നുള്ളൂ.

(2) പുനരുദ്ധാരണ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെലവായ തുകയിൽ പരമാവധി 2,000 രൂപ വരെ സർക്കാരിൽ നിന്നും സബ്സിഡി നൽകുന്നു.

(3) പുനരുദ്ധാരണറിപ്പോർട്ടുപ്രകാരം സർക്കാരിലേക്കുള്ള കുടിശ്ശിക ഗഡുക്കളായി അടയ്ക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നു.

(4) വിൽപനനികുതി കുടിശ്ശികയുണ്ടെങ്കിൽ ആവശ്യമെന്നുകണ്ടാൽ അത് ദീർഘകാലവായ്പയായി അനുവദിച്ചു വിൽപനനികുതിവകുപ്പിലേക്ക് നേരിട്ടു നൽകുന്നു.

(5) പുനരുദ്ധാരണത്തിനുശേഷം ഉൽപാദനം തുടങ്ങുന്ന തീയതി മുതൽ 5 വർഷത്തേക്ക് വിൽപനനികുതിയിൽനിന്നും സ്ഥിരനിക്ഷേപത്തിൻറെ 90 % വരെയുള്ള തുക ഒഴിവാക്കുന്നു.

(6) റവന്യൂ റിക്കവറി നടപടി എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ജില്ലാ വ്യവസായകേന്ദ്രം ജനറൽമനേജരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാർക്ക് നൽകിയിരിക്കുന്നു.

(7) ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിലേക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നു.

(8) പുനരുദ്ധാരണത്തിന് ഏതെങ്കിലും യന്ത്രസാമഗ്രികൾ ആവശ്യം ഉണ്ടെന്നുകണ്ടാൽ ആയതു വാങ്ങുന്നതിനുവേണ്ടി സർക്കാരിൽനിന്നു ഉദാരമായ വ്യവസ്ഥയിൽ വായ്പ അനുവദിക്കുന്നു.

1961-ലെ കേരളാ റിലീഫ് അണ്ടർടേക്കിംഗ്സ് (സ്പെഷ്യൽ പ്രൊവിഷൻ) ആക്ററ് പ്രകാരം വൻകിട-ഇടത്തരം മേഖലകളിലെ പീഡിതമാകുന്ന കമ്പനികൾ പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം 1983-84 മുതൽ 1985-86 വരെ 58 ചെറുകിടയൂണിറ്റുകൾ പുനരുദ്ധരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിലേക്കായി 24.43 ലക്ഷം രൂപ സഹായം നൽകിയിട്ടുമുണ്ട്. പ്രസ്തുത യൂണിറ്റുകളുടെ പേരുവിവരം ശേഖരിച്ചുവരുന്നു.

വൻകിട-ഇടത്തരം മേഖലകളിൽ ട്രാവൻകൂർ റയോൺസ് ലിമിറ്റഡ്, സീതാറാം ടെക്സ്റ്റയിൽസ് ലിമിറ്റഡ്, കുന്നത്തറ ടെക്സ്റ്റയിൽസ്, റൂബി റബ്ബർ വർക്സ്, ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ്, മലബാർ സ്റ്റീൽ റോളിംഗ്മിൽസ്, തിരുവനന്തപുരം റബ്ബർ വർക്സ് എന്നിവ റിലീഫ് അണ്ടർടേക്കിംഗ്സ് ആയി പ്രഖ്യാപിച്ചിട്ടുണ്ട്. പുനരുദ്ധാരണനടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly